പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 776 — 02/12/2015 ൽ മറുപടിക്ക്

## ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

| ചോദ്യം<br>**ശ്രീ. എസ്. ശർമ്മ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 20/08/2010 തീയതിയിലെ ജി.ഒ. (എം.എസ്.) നം. 557/2010/ആ.കു.വ. ഉത്തരവ് പ്രകാരം ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ജീവനക്കാരുടേയും ഡോക്ടർമാരുടേയും നിയമനത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ പുതിയ കെട്ടിടത്തിനായി ജിഡ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ? | (സി) | ജിഡ ഫണ്ടിൽ നിന്നും ഇതിലേക്ക് അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ജിഡയിൽ നിന്നോ എഫ്-ഐ-ടി-യിൽ നിന്നോ പ്രസ്തുത വിഷയം സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ